# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 15**

---

- **14 വിദ്യാർഥികൾ വിദേശ സർവകലാശാലകളിലേക്ക്**
- **ഒരാൾ നാഷണൽ കെമിക്കൽ ലാബോറട്ടറിയിൽ**

## നാനോ ടെക്നോളജി; എം.ജി സർവകലാശാലയ്ക്ക് വീണ്ടും ഫെലോഷിപ്പ് തിളക്കം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിലെ 14 വിദ്യാർഥികൾ വിദേശ രാജ്യങ്ങളിലെ മികച്ച സർവകലാശാലകളിൽ ഫെലോഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടു.

എം.ടെക്, എം.എസ്.സി കോഴ്സുകളിലെ വിദ്യാർഥികൾക്കാണ് അവസാന വർഷ ഇന്റേൺഷിപ്പിന്റെ ഭാഗമായി അമേരിക്ക, പോളണ്ട്, ജർമനി, ഓസ്ട്രേലിയ, തായ് വാൻ എന്നീ രാജ്യങ്ങളിൽ ഫെലോഷിപ്പ് ലഭിച്ചത്. എം.എസ്.സി വിദ്യാർഥി കളിൽ ഒരാൾ പൂനെയിലെ നാഷണൽ കെമിക്കൽ ലാബോറട്ടറിയിൽ ഗവേഷണം നടത്തും.

ട്രീസ എം. റെജി (ഡ്രെക്സസ് സർവകലാശാല, അമേരിക്ക), ജെ.എസ്. അശ്വതി, വി. ശ്രീലക്ഷ്മി( ഫ്രിഡ്റിച്ച് അലക്സാണ്ടർ സർവകലാശാല, ജർമനി), അർജുൻ ജെ. നായർ, പി.എസ്. ആരതി(ടാസ്മാനിയ സർവകലാശാല, ഓസ്ട്രേലിയ), കെ.എം. അമിത് , അബിൻ രാജ് (സിലേഷ്യ സർവകലാശാല പോളണ്ട്) എന്നിവരാണ് ഫെലോഷിപ്പിന് അർഹരായ എം.ടെക് വിദ്യാർഥികൾ.

എം.എസ്.സി വിദ്യാർഥികളായ നിഖിൽ ചെറിയാൻ ജേക്കബ്, ശ്രീലക്ഷ്മി ജയദാസ്, കെ.എസ്. ശ്രീലക്ഷ്മി കെ.എസ്, തേജ രാജേഷ് എന്നിവർ തായ് വാനിലെ നാഷണൽ സൺ യാത്സൺ യൂണിവേഴ്സിറ്റിയിലും എം.വി. പാർവതി, സ്നേഹ ജെയിംസ് എന്നിവർ ഓസ്ട്രേലിയയിലെ ക്യൂൻസ് ലാൻഡ് സർവകലാശാലയിലും അഭയ് രാജു നാഷണൽ തായ് വാൻ സർവകലാശാലയിലും പഠനം നടത്തും. ആനിറ്റ് മരിയ ജോസഫാണ് നാഷണൽ

കെമിക്കൽ ലാബോറട്ടിയിൽ ഇന്റേൺഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടത്.

2019ൽ മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഡയറക്ടറായി പ്രവർത്തനമാരംഭിച്ച സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി ചുരുങ്ങിയ കാലംകൊണ്ട് ഈ മേഖലയിൽ രാജ്യത്തെ മികച്ച പഠന, ഗവേഷണ സ്ഥാപനങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചു. മുൻ വർഷങ്ങളിലും ഇവിടുത്തെ വിദ്യാർഥികൾക്ക് വിദേശ രാജ്യാന്തര തലത്തിലെ പ്രശസ്ത സർവകലാശാലകളിൽ ഫെലോഷിപ്പ് ലഭിച്ചിരുന്നു.

എം.ടെക്കിനു പുറമെ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ സ്പെഷ്യലൈസേഷനോടെയുള്ള എം.എസ്.സി ഫിസിക്സ്, കെമിസ്ട്രി കോഴ്സുകളും ഇവിടെയുണ്ട്. കണ്ണൂർ സർവകലാശാലയുമായി ചേർന്ന് ഫിസിക്സ്, കെമിസ്ട്രി എന്നിവയിൽ ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമിന് കഴിഞ്ഞ വർഷം തുടക്കം കുറിച്ചു.

അത്യാധുനിക ലാബ് സൗകര്യം, സംയുക്ത ഗവേഷണ പദ്ധതികൾ, മികച്ച തൊഴിവസരം, വിദേശ സർവകലാശാലകളിൽ ഗവേഷണ സാധ്യതകൾ എന്നിവ കോഴ്സുകളുടെ പ്രത്യേകതയാണെന്ന് ജോയിന്റ് ഡയറക്ടർ ഡോ. എം.എസ്. ശ്രീകല പറഞ്ഞു.

ഫോട്ടോ ക്യാപ്ഷൻ...
1. എം. അമിത് കുമാർ 2. അബിൻ രാജ് 3. പി.എസ്. ആരതി 4. അർജുൻ ജെ. നായർ 5. ട്രീസ റെജി 6. ജെ.എസ്. അശ്വതി 7. വി. ശ്രീലക്ഷ്മി 8 നിഖിൽ ചെറിയാൻ ജേക്കബ് 9. കെ.എസ്. ശ്രീലക്ഷ്മി 10. ശ്രീലക്ഷ്മി ജയദാസ് 11. തേജ രാജേഷ് 12. സ്നേഹ ജെയിംസ്, 13. എം.വി. പാർവതി 14. അഭയ് രാജു 15. ആനിറ്റ് മരിയ ജോസഫ്.

(പി.ആർ.ഒ/39/1114/2023)

## വൈവ വോസി

രണ്ടാം സെമസ്റ്റർ എം.എസ്.ഡബ്ല്യു(2022 അഡ്മിഷൻ റെഗുലർ/ 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/20192021 അഡ്മിഷൻ സപ്ലിമെന്ററി-ജൂലൈ 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷ സെപ്റ്റംബർ 18 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1115/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ(പുതിയ സ്കീം- 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2015, 20172021 അഡ്മിഷനുകൾ റീ അപ്പിയ

റൻസ്-മെയ് 2023) പരീക്ഷയുടെ മ്യൂസി വയലിൻ, കഥകളിവേഷം, കഥകളി ചെണ്ട പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 19 മുതൽ തൃപ്പൂണിത്തുറ ആർ.എ ൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1116/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**